LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളുടേയും വില്ലേജുകളുടേയും വിഭജനം

2 [1290] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകൾ വിഭജിക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്ന് വിശദീകരിക്കാമോ;

(ബി) ഈ നടപടിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ ഏതെങ്കിലും വില്ലേജുകൾ വിഭജിക്കുകയുണ്ടായോ;

(സി) കണ്ണൂർ ജില്ലയിൽ രണ്ട് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന എത്ര വില്ലേജുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) തലശ്ശേരി താലൂക്കിലെ പെരിങ്ങത്തൂർ വില്ലേജ്, പെരിങ്ങളം, കരിയാട് എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന വലിയ വില്ലേജ് ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത വില്ലേജ് വിഭജിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(സി) വയക്കര, പെരിങ്ങത്തൂർ, കേളകം, മണത്തണ, ചൊക്ലി, കോടിയേരി തിമിരി, വെള്ളാട്, ആലക്കോട്, പായം എന്നീ 10 വില്ലേജുകളിൽ രണ്ട് പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) മുകളിൽ സൂചിപ്പിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

ടോറൻസ് സമ്പ്രദായം

3 [1291] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം താലൂക്കിൽ 1995-ൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ടോറൻസ് സമ്പ്രദായം ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;